ചെറുനമംഗലം ലിഫ്റ്റ് ഇറിഗേഷൻ

1329 [2135] ശ്രീ. പി.കെ. ചാത്തൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുളിമാത്ത് പഞ്ചായത്തിൽ ചെറുനമംഗലം ലിഫ്റ്റ് ഇറിഗേഷൻ സംബന്ധിച്ച ഇൻവെസ്റ്റിഗേഷൻ എന്നാണ് പൂർത്തിയാക്കിയത്;

(ബി) ഈ ലിഫ്റ്റ് ഇറിഗേഷൻ നടപ്പാക്കാൻ നടപടിയെടുക്കാത്തതെന്തുകൊണ്ടാണെന്നു വ്യക്തമാക്കാമോ;

ഉത്തരം

(എ) ഈ സ്കീമിന്റെ ഇൻവെസ്റ്റിഗേഷൻ 1977 ജൂണിൽ പൂർത്തിയായി.

(ബി) പ്രസ്തുത ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയ്ക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയപ്പോൾ അവ നിശ്ചിത സാമ്പത്തിക പരിധിയിൽ നിൽക്കുന്നതല്ലെന്നു കാണുന്നു.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തരസമയം കഴിഞ്ഞു.

## II ചരമോപചാരം

ശ്രീ. കെ. വർഗ്ഗീസ് ഇത്താക്ക്, ശ്രീ. എ. പി. നമ്പ്യാർ, ശ്രീ. എം.ആർ. വേലപ്പൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച്.

മി. സ്പീക്കർ: തിരുവിതാംകൂർ ശ്രീമൂലം അസംബ്ലിയിൽ അംഗമായിരുന്ന ശ്രീ. കെ. വർഗ്ഗീസ് ഇത്താക്ക്, തിരു-കൊച്ചി നിയമസഭയിൽ അംഗമായിരുന്ന ശ്രീ. എ. പി. നമ്പ്യാർ കൊച്ചി നിയമസഭ
9.30 A. M.] യിലും തിരു-കൊച്ചി നിയമസഭയിലും അംഗമായിരുന്ന ശ്രീ. എം. ആർ. വേലപ്പൻ, ഇവർ നിര്യാതരായ വിവരം ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞിരിക്കുമല്ലോ. 1944-ൽ വൈക്കം-കോട്ടയം നിയോജകമണ്ഡലത്തിൽനിന്നും തിരുവിതാംകൂർ നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ശ്രീ.വർഗ്ഗീസ് ഇത്താക്ക് തിരുവിതാംകൂറിലെ രാഷ്ട്രീയ-സാമുദായിക രംഗങ്ങളിൽ ഏറെക്കാലം സജീവമായി പ്രവർത്തിച്ചിരുന്നു. ഒരു സ്വാതന്ത്ര്യ സമരഭടനായിരുന്ന ശ്രീ. എ.പി. നമ്പ്യാർ, പത്രപ്രവർത്തകൻ, അദ്ധ്യാപകൻ, സാഹിത്യകാരൻ എന്നീ വിവിധ നിലകളിൽ പ്രസിദ്ധനായിരുന്നു. ദീർഘകാലം അദ്ധ്യാപകവൃത്തിയിൽ കഴിഞ്ഞശേഷം രാഷ്ട്രീയത്തിലും പിന്നീട് പത്രപ്രവർത്തന രംഗത്തും അദ്ദേഹം പ്രവേശിച്ചു. ഗ്രാമക്ഷേമം, ദീനബന്ധു, എക്സ്പ്രസ്, മാതൃഭൂമി മുതലായ പത്രമാസികകളുടെ പത്രാധിപ സമിതി അംഗമായി അദ്ദേഹം സേവനം അനുഷ്ഠിച്ചിരുന്നു. ഒല്ലൂർ നിയോജക മണ്ഡലത്തിൽ നിന്നും സോഷ്യലിസ്റ്റു പാർട്ടി സ്ഥാനാർത്ഥിയായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. തിരു-കൊച്ചി നിയമസഭയിൽ അദ്ദേഹം അനുഷ്ഠിച്ച സേവനങ്ങൾ നിസ്തുലമാണ്. കേരള വർക്കിംഗ് ജർണ്ണലിസ്റ്റ് സ് പ്രസിഡണ്ടായി അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. തൃശ്ശൂർ ഊരകം നിയോജക മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എം. ആർ. വേലപ്പനും പ്രസിദ്ധനായ ഒരു പത്രപ്രവർത്തകൻ ആയിരുന്നു. കൊച്ചിയിലെ അസിസ്റ്റന്റ് ഇൻഫർമേഷൻ ആഫീസറായി സേവനം അനുഷ്ഠിക്കവേ കേന്ദ്രഗവൺമെന്റിന്റെ കീഴിലുള്ള ഇൻഫർമേഷൻ ആഫീസേഴ്സ് കോൺഫറൻസിൽ പങ്കെടുക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതിനുവേണ്ടി ഹൈദരാബാദിൽ പോയപ്പോൾ അവിടെവച്ചാണ് അദ്ദേഹം നിര്യാതനായത്. വിവിധമണ്ഡലങ്ങളിൽ പ്രശസ്ത സേവനം നടത്തിയ ഈ മൂന്നു വ്യക്തികളുടെ നിര്യാണത്തിൽ സഭയ്ക്കുള്ള അനുശോചനം രേഖപ്പെടുത്തുന്നതിന് നമുക്ക് അൽപ്പസമയം എഴുന്നേറ്റു നിൽക്കാം.

(പരേതരോടുള്ള ബഹുമാനസൂചകമായി സഭാംഗങ്ങൾ ഏതാനും നിമിഷം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## III ശ്രദ്ധ ക്ഷണിക്കൽ

മൂകുന്ദപുരം താലൂക്കിൽ ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടി പ്രവർത്തകനെ കൊലപ്പെടുത്തിയത് സംബന്ധിച്ച്

ശ്രീ. വി.കെ. രാജൻ: സർ, തൃശ്ശൂർ ജില്ലയിൽ പടിയൂർ പ്രദേശത്ത് ഇക്കഴിഞ്ഞ രണ്ടാം തീയതി നടന്ന ഭീകരമായ കൊലപാതകത്തെ സംബന്ധിച്ച് ഈ സഭയുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധ ക്ഷണിക്കുന്നതിനുവേണ്ടിയാണ് ഞാൻ ശ്രമിക്കുന്നത്. ഇക്കഴിഞ്ഞ രണ്ടാം തീയതി വൈകിട്ട് ആറരമണി സമയത്തു ചെത്തുതൊഴിലാളിയും ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പടിയൂർ ബ്രാഞ്ച് സെക്രട്ടറിയുമായ സഖാവ് ശ്രീ. കെ.കെ. രവിയെ ശ്രീനിവാസൻ, ദേവദാസ്, രാമകൃഷ്ണൻ, പുഷ്പാംഗദൻ, ഗോപി, രാധാകൃഷ്ണൻ എന്ന ആറുപേർ ചേർന്ന് കഠിനമായി മർദ്ദിച്ചു കൊലപ്പെടുത്തിയ സംഭവം നടന്നിരിക്കുന്നു. സഖാവ് രവി വൈകിട്ടു വീട്ടിലേക്കു തിരിച്ചുപോകുന്ന സമയത്താണ് മേൽപ്പറഞ്ഞ ആറുപേർ ചേർന്നു വെട്ടുകത്തി, മടവാൾ മുതലായ മാരകായുധങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട്, 41 വെട്ട് സഖാവ് രവിയുടെ ദേഹത്ത് ഏൽപ്പിച്ചത്. ശിരസ്സും ശരീരവും തമ്മിൽ വേർപെടുന്നതിന് തലനാരിഴ വ്യത്യാസം മാത്രമേ അവശേഷിച്ചിരുന്നുള്ളു. അതി ഭീകരമായ ഈ കൊലപാതകം നടന്ന സാഹചര്യവും നാം മനസ്സിലാക്കേണ്ടതുണ്ട്. ഒരു കർഷകത്തൊഴിലാളിയുടെ ഭാഗത്തുനിന്നുകൊണ്ട് കർഷകത്തൊഴിലാളികളുടെ ജോലിസ്ഥിരതയ്ക്കെതിരായി ഉള്ള സമരത്തിൽ സഖാവ് രവിയും കമ്മ്യൂണിസ്റ്റു പാർട്ടിയും പ്രവർത്തിച്ചു. മറുഭാഗത്ത് ജൻമിക്കുവേണ്ടി പ്രവർത്തിച്ച കുറെ ആളുകളാണ് ഈ ഭീകരമായ കൊലപാതകം നടത്തിയത് എന്നു മനസ്സിലാക്കണം. ഈ കൊല നിമിത്തം പടിയൂർ പ്രദേശത്ത് ഭയവിഹ്വലമായ അന്തരീക്ഷം നിലനിൽക്കുന്നു. ആ കൊല നടത്തിയിട്ടുള്ള ആളുകൾ ആർ.എസ്.എസ്സിന്റെ ഭാഗത്തുനിന്നുള്ള ആളുകളല്ല. എപ്പോഴും വളരെയേറെ ഇടതുപക്ഷ സ്വഭാവം സംസാരിക്കുന്നവരും നമ്മുടെ രാജ്യത്ത് തൊഴിലാളി വർഗ്ഗത്തിന്റെ അപ്പോസ്തലൻമാരെന്നു പെരുമ്പറ അടിച്ചു നടക്കുന്ന ആളുകളുമായ മാർക്സിസ്റ്റു പാർട്ടി പ്ലാൻ ചെയ്തു നടത്തിയ ഒരു അറും കൊലയാണ് അവിടെ നടന്നത്. തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ വർഷത്തിൽ ഒരു സംഭവം ഉണ്ടായത് സഭയുടെ ശ്രദ്ധയിൽപ്പെട്ട കാര്യമാണ്. അവിടെ ഒരു ഹരിജൻ കോളനിയിൽ അതിഭീകരമായ മർദ്ദന നടപടി നിലനിന്നിരുന്നു. അവസാനമായി വൈറോണി എന്നു പറയുന്ന ഒരു പാവപ്പെട്ട ഹരിജനെ മാർക്സിസ്റ്റു പാർട്ടിയിൽപ്പെട്ട ആളുകൾ കൊലചെയ്തു. രണ്ടുമൂന്നുമാസമായി തൃശ്ശൂർ ജില്ലയിൽ ചേർപ്പ്, ചേലക്കര മണ്ഡലങ്ങളിൽ കമ്മ്യൂണിസ്റ്റു പാർട്ടി പ്രവർത്തകർക്കെതിരായി മാർക്സിസ്റ്റു

LIBRARY ARCHIVES Kerala Legislative Assembly